بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 17.12.2021

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ ഇസ്‌ലാമാബാദിലുള്ള മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.*

### ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങൾ - 3

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ ۝ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ۝
اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ۝ اَلرَّحۡمٰنِ الرَّحِيۡمِ ۝ مٰلِكِ يَوۡمِ الدِّيۡنِ ۝ اِيَّاكَ
نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ۝ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ۝ صِرَاطَ الَّذِيۡنَ اَنۡعَمۡتَ
عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ۝

ഹദ്റത് അബുബക്കർ(റ)നെ സംബന്ധിച്ച അനുസ്മരണത്തിൽ അദ്ദേഹം അടിമകളെ സ്വാതന്ത്രരാക്കിയ കുറേ കൂടി സംഭവങ്ങൾ ഉണ്ട്. ഹദ്റത് അബുബക്കർ നഹ്ദിയയെയും അവരുടെ മകളെയും ആവശ്യപ്പെട്ട അത്രയും ധനം നൽകി സ്വാതന്ത്രരാക്കി.

അതുപോലെ ഉമർ ഇബ്നു ഖത്താബ് ഇസ്‌ലാം സ്വീകരിക്കുന്നതിനു മുമ്പ് ഒരിക്കൽ ബനൂമഅമലിലെ ഒരു അടിമ സ്ത്രീയെ അവർ ഇസ്‌ലാം ഉപേക്ഷിക്കുന്നതിന് വേണ്ടി അവരെ ഉപദ്രവിച്ച് കൊണ്ടിരുന്നു. ഹദ്റത് അബൂബക്കർ അവരെ വിലക്ക് വാങ്ങി സ്വാതന്ത്ര്യയാക്കി.

ഹദ്റത് അബൂബക്കറിന്റെ പിതാവ് ഒരിക്കൽ അദ്ദേഹത്തോട് ആരോഗ്യഗാത്രരായ പുരുഷന്മാരെ മോചിപ്പിക്കാൻ ഉപദേശിച്ചു കൊണ്ട് പറഞ്ഞു; അവർ നിനക്ക് സംരക്ഷണം നൽകുന്നതാണ്, ഹദ്റത് അബൂബക്കർ പറഞ്ഞു: ഞാൻ അല്ലാഹുവിന്റെ പ്രീതി മാത്രമാണ് ആഗ്രഹിക്കുന്നത്. അല്ലാമാ ഖുർതുബി, അല്ലാമാ ആലൂസി തുടങ്ങി ചില മുഫസ്സിരീങ്ങൾ فَاَمَّا مَنۡ اَعۡطٰى وَاتَّقٰى മുതൽ وَلَسَوۡفَ يَرۡضٰى വരെയുള്ള അതായത് ആകയാൽ അവൻ(സത്യമാർഗത്തിൽ) കൊടുക്കുകയും ഭയഭക്തി ഏറ്റവും നല്ല നന്മയെ അംഗീകരിക്കുകയും ചെയ്തു. അപ്പോൾ നാം അവനെ തീർച്ചയായും സമൃദ്ധി പ്രദാനം ചെയ്യുന്നതാണ്. പിശുക്ക് കാണിക്കുകയും അലംഭാവം കാണിക്കുകയും ചെയ്തവനെ സംബന്ധിച്ചിടത്തോളം. ഏറ്റവും നല്ല നന്മയെ കളവാക്കുകയും ചെയ്തു. അപ്പോൾ നാം അവനെ തീർച്ചയായും ഞെരുക്കത്തിലാക്കുന്നതാണ്. മാത്രമല്ല അവന്റെ സമ്പത്ത് നശിപ്പിക്കപ്പെടുമ്പോൾ അവന് അത് ഒരിക്കലും ഉപകാരപ്പെടുന്നതല്ല. തീർച്ചയായും സന്മാർഗം നല്കേണ്ടത് ഏതായാലും നമുക്ക് മേലുള്ള ബാധ്യതയാകുന്നു. തീർച്ചയായും പരിണതിയും ആരംഭവും നമ്മുടെ തന്നെ നിയന്ത്രണത്തിലാകുന്നു. ആകയാൽ, ഞാൻ നിങ്ങളെ ആളിക്കത്തുന്ന അഗ്നിയെ കുറിച്ച് ഭയപ്പെടുത്തുന്നു. വളരെ ദുർഭാഗ്യവാനല്ലാതെ മറ്റാരും അതിൽ പ്രവേശിക്കുന്നതല്ല. അവനാകട്ടെ കളവാക്കുകയും പുറംതിരിയുകയും ചെയ്തു. എന്നാൽ, സർവോപരി ഭയഭക്തിയുള്ളവൻ അതിൽ നിന്ന് തീർച്ചയായും രക്ഷിക്കപ്പെടുന്നതാണ്. പരിശുദ്ധി കാംക്ഷിച്ചു കൊണ്ട് അവൻ തന്റെ സമ്പത്ത് നല്കുന്നു. (അവന്റെ പക്കൽ നിന്ന്) പ്രത്യുപകാരം ചെയ്യേണ്ടതായി അവനു മേൽ ആരുടെയും ഔദാര്യമില്ല. (ഇത്) അത്യുന്നതനായ തന്റെ നാഥന്റെ സംപ്രീതി കാംക്ഷിച്ചുകൊണ്ട് മാത്രമാണ് (ചെലവഴിക്കുന്നത്). അവൻ തീർച്ചയായും തൃപ്തിപ്പെടുകയും ചെയ്യുന്നതാണ്. എന്നീ ആയത്തുകൾ ഹദ്റത്ത് അബൂബക്കറിന്റെ ഈയൊരു കർമത്തെ പ്രകീർത്തിച്ച് കൊണ്ടാണ് ഇറങ്ങിയത് എന്ന് എഴുതുന്നു.

ഹദ്റത് മുസലിഹ് മൗഊദ്(റ) ഹദ്റത് ഖബ്ബാബ് ബിൻ അറത്ത്(റ)നെ സ്വതന്ത്രനാക്കിയ സംഭവം അനുസ്മരിച്ചു കൊണ്ട് പറയുന്നു. ഖബ്ബാബ് ഒരു കാലത്ത് അടിമയായിരുന്നു. ഒരിക്കൽ ഒരാൾ അദേഹത്തിന്റെ പുറം വളരെ പരുക്കനായി എരുമയുടെ ഒക്കെ തോൽ ഉള്ളത് പോലെ കണ്ടപ്പോൾ അയാൾ അത്ഭുതപ്പെട്ടുപോയി. അതേപ്പറ്റി ചോദിച്ചപ്പോൾ ഹദ്റത് ഖബ്ബാബ് പറഞ്ഞു; ഞങ്ങൾ ഇസ്‌ലാം സ്വീകരിച്ചപ്പോൾ മുതൽ ഞങ്ങളുടെ ഉടമസ്ഥൻ കഠിനമായ വെയിലിൽ ഞങ്ങളെ കിടത്തി മർദിക്കാൻ തുടങ്ങുകയും മുഹമ്മദ്(സ) യെ ഞങ്ങൾ അംഗീകരിക്കുന്നില്ല എന്ന് പറയാനും ആവശ്യപ്പെടുകയും ചെയ്തുകൊണ്ടിരുന്നു. അതിന് മറുപടിയായി ശഹാദത് കലിമ ചൊല്ലുമായിരുന്നു. അപ്പോൾ അയാൾ വീണ്ടും മർദിക്കും. അങ്ങനെ അയാൾ ഞങ്ങളെ കല്ലുകളിലൂടെ വലിച്ചിഴച്ചിരുന്നു. നിങ്ങൾ ഇപ്പോൾ ഈ കാണുന്നത് ആ മർദനത്തിന്റെയും ആ വലിച്ചിഴച്ചതിന്റെയും ഫലമാണ്.

ഹദ്റത് അബൂബക്കർ അടിമകളെ മോചിപ്പതിനെ അനുസ്മരിച്ചത് കൊണ്ട് ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി പറയുന്നു. റസൂൽ തിരുമേനി(സ) വിശ്വസിച്ച ഈ അടിമ വംശജർ വ്യത്യസ്ത സമൂഹങ്ങളിൽ പെട്ടവരായിരുന്നു. അതിൽ ബിലാലിനെ പോലുള്ള നീഗ്രോ ഉണ്ടായിരുന്നു. സുഹൈബിനെ പോലുള്ള റോമൻ ഉണ്ടായിരുന്നു. ജുബൈറിനെ പോലെയും സുഹൈബിനെയും പോലെയുള്ള ക്രിസ്ത്യാനികൾ ഉണ്ടായിരുന്നു. ബിലാലിനെയും അമ്മാറിനെയും പോലെയുള്ള മുശ്രിക്കീങ്ങളും ഉണ്ടായിരുന്നു. ബിലാലിനെ അദ്ദേഹത്തിന്റെ ഉടമസ്ഥൻ ചുട്ടു പഴുത്ത മണലിൽ കിടത്തുകയും അദ്ദേഹത്തിന് പുറത്ത് കല്ല് വെക്കുകയും യുവാക്കളെ അദ്ദേഹത്തിന്റെ നെഞ്ചത്ത് ചാടി കളിക്കാൻ നിശ്ചയിക്കുകയും ചെയ്തിരുന്നു. ഹദ്റത് അബൂബക്കർ ഈ അക്രമങ്ങൾ കണ്ടപ്പോൾ അദ്ദേഹത്തിന്റെ ഉടമസ്ഥന് അദ്ദേഹത്തിന്റെ വില കൊടുത്ത് അദ്ദേഹത്തെ സ്വാതന്ത്രമാക്കുകയുണ്ടായി.

നിഷേധികളുടെ അതിക്രമങ്ങൾ അതിരുവിട്ടപ്പോൾ റസൂൽ(സ) വിശ്വാസികളോട് നബവി അഞ്ചാം വർഷം മുസ്ലിംകളോട് ഹബ്ശയിലേക്ക് പലായനം ചെയ്യാൻ കൽപ്പിച്ചു. അങ്ങനെ പതിനൊന്ന് പുരുഷന്മാരും നാല് സ്ത്രീകളും ഹബ്ശയിലേക്ക് പലായനം ചെയ്തു. ഹദ്റത് അബൂബക്കർ പാലായനം ചെയ്യാനുള്ള ഉദ്ദേശത്തോടു കൂടി ഹബ്ഷയുടെ ഭാഗത്തേക്ക് പുറപ്പെട്ടു. അങ്ങനെ അദ്ദേഹം ബർഖുൽഗമാദ് എന്ന സ്ഥലത്തെത്തി. അവിടെ ഇബ്നു ദുഗ്ന അദ്ദേഹത്തിന്റെ ഉദ്ദേശ്യം മനസ്സിലാക്കിയപ്പോൾ സംരക്ഷണം വാഗ്ദാനം ചെയ്തുകൊണ്ട് അദ്ദേഹത്തെ മക്കയിലേക്ക് തിരിച്ചെത്തിച്ചു. നിഷേധികളായ ഖുറൈശി മൂപ്പന്മാരെ കണ്ടു മുട്ടി. അവരോട് പറഞ്ഞു. അബൂബക്കറിനെ പോലെയുള്ള വ്യക്തി നാട്ടിൽ നിന്ന് പുറത്ത് പോകുകയോ പുറത്താക്കപ്പെടുകയോ ചെയ്യാവതല്ല. നഷ്ടപ്പെട്ടുപോയ നന്മകൾ സ്ഥാപിക്കുകയും കുടുംബബന്ധങ്ങൾ നില നിർത്തുകയും ക്ഷീണിതരുടെ ഭാരം ഏറ്റെടുക്കുകയും അതിഥി സൽക്കാരം ചെയ്യുകയും പ്രയാസങ്ങളിൽ സഹായിക്കുകയും ചെയ്യുന്ന ഒരാളെയാണോ നിങ്ങൾ പുറത്താക്കുന്നത്. അപ്പോൾ ഖുറൈശികൾ ഇബ്നു ദുഗ്നയുടെ സംരക്ഷണം അംഗീകരിക്കുകയും അബൂബക്കറിന് അഭയം നൽകുകയും ചെയ്തു. എന്നിട്ട് ഇബ്നു ദുഗ്നയോട് പറഞ്ഞു. അബൂബക്കറിനോട് പറയുക. അയാൾ സ്വന്തം വീട്ടിൽ അയാളുടെ റബ്ബിനെ ആരാധിക്കേണ്ടതാണ്. തുടർന്ന് ഹദ്റത്ത് അബൂബക്കർ വീട്ടിൽ തന്നെ നമസ്കരിക്കുകയും വിശുദ്ധ ഖുർആൻ പാരായണം ചെയ്യാനും തുടങ്ങി. കുറച്ചു കാലത്തിനു ശേഷം പിന്നീട് ഹദ്റത് അബൂബക്കർ വീടിന് പുറത്ത് മുറ്റത്ത് നമസ്കരിക്കാനുള്ള ഒരു സ്ഥലം ഉണ്ടാക്കുകയും അദ്ദേഹത്തിനടുത്ത് മുശ്രിക്കീങ്ങളുടെ സ്ത്രീകളും കുട്ടികളെയും തടിച്ച് കൂടാൻ തുടങ്ങി. ഹദ്റത് അബൂബക്കറിന്റെ വേദനയാർന്ന ഇബാദത്തുകൾ കണ്ട അവർ ആശ്ചര്യപ്പെട്ടു. അതേപ്പറ്റി ഖുറൈശികൾ ഇബ്നു ദുഗ്നയെ അറിയിച്ചു, ഹദ്റത് അബൂബക്കർ ഇബ്നു ദുഗ്നയോട് പറഞ്ഞു; ഞാൻ താങ്കളുടെ അഭയം താങ്കളെ തിരിച്ചേൽപ്പിക്കുന്നു. അല്ലാഹുവിന്റെ സംരക്ഷണത്തിൽ ഞാൻ തൃപ്തനാണ്.

ഹദ്റത് അബൂബക്കർ തന്റെ മുറ്റത്ത് ഉണ്ടാക്കിയ മസ്ജിദിനെ സംബന്ധിച്ച് സഹീഹ് ബുഖാരിയുടെ വിശദീകരണമായ ഉംദത്തുൽ ഖാരിയിൽ ഇപ്രകാരം പറയുന്നു. ഈ മസ്ജിദ് വീടിന്റെ ചുമരുകൾ വരെ പരന്നതായിരുന്നു. ഇസ്ലാമിൽ ഉണ്ടാക്കിയ ആദ്യത്തെ മസ്ജിദുമായിരുന്നു.

ശിഅബ് അബിതാലിബിലും ഹദ്റത് അബൂബക്കർ നബി(സ)യുടെ കൂടെ ഉണ്ടായിരുന്നു. ഇത് സംബന്ധിച്ച് സീറത്ത് ഖാതമുന്നബിയ്യീനിലും ഹദ്റത് മിർസാ ബശീർ അഹ്മദ് എഴുതുന്നു; ഈ പ്രയാസകരമായ ഘട്ടത്തിലും ഹദ്റത് അബൂബക്കർ നബി(സ)ന്റെ സഹവാസം ഉപേക്ഷിച്ചില്ല.

ഹദ്റത് ഇബ്നു അബ്ബാസ്(റ) പറയുന്നു: ഗുലിബത് റൂം ഫീ അദ്നൽ അർളി എന്ന ആയത്ത് അവതരിച്ചപ്പോൾ മുശ്രിക്കീങ്ങൾ ആഗ്രഹിച്ചിരുന്നത് പേർഷ്യക്കാർ റോമക്കാർക്ക് മേൽ വിജയം വരിക്കണം എന്നാണ്. കാരണം അവർ രണ്ടു കൂട്ടരും വിഗ്രഹാരാധകർ ആയിരുന്നു. എന്നാൽ മുസ്ലിംകളാകട്ടെ റോമാക്കാർ പേർഷ്യക്കാർക്ക് മേൽ വിജയം വരിക്കണം എന്ന് ആഗ്രഹിക്കുന്നവർ ആയി രുന്നു. കാരണം അവർ ഗ്രന്ഥാനുസാരികൾ ആയിരുന്നു. നബി(സ), റോമക്കാർ തീർച്ചയായും വിജയിക്കുമെന്ന് പറഞ്ഞപ്പോൾ ഹദ്റത്ത് അബൂബക്കർ, നിഷേധികളോട് അതേപ്പറ്റി പന്തയം വെക്കുകയുണ്ടായി.

സഹീഹ് ബുഖാരിയിലെ ഒരു നിവേദനത്തിൽ തിരു നബി(സ)ന്റെ വളരെ ഉന്നതമായ നിലയിൽ പൂർത്തിയായ നാല് പ്രവചനങ്ങളെ കുറിച്ച് പരാമർശമുണ്ട്. ഈ പ്രവചനങ്ങളിൽ റോമാ വിജയത്തെ കുറിച്ചുള്ള പ്രവചനവും ഉൾപ്പെടുന്നു. മസ്റൂഖ് നിവേദനം ചെയ്യുന്നു. ഞങ്ങൾ ഹദ്റത് അബ്ദുല്ലാഹ് ബിൻ മസ്ഊദിന്റെ അടുക്കൽ ആയിരുന്നു. അദ്ദേഹം പറഞ്ഞു; നബി(സ), ജനങ്ങൾ പിന്തിരിയുന്നത് കണ്ടപ്പോൾ പറഞ്ഞു: അല്ലാഹുവേ, ഹദ്റത് യൂസുഫിന്റെ കാലത്ത് ഏഴു വർഷത്തെ പട്ടിണി അവർക്ക് ഉണ്ടായത് പോലെ ഇവർക്ക് മേലും ക്ഷാമത്തെ ഇറക്കേണമേ. അങ്ങനെ ആ ക്ഷാമകാലം വന്നപ്പോൾ അത് ഓരോ വസ്തുവിനെയും നശിപ്പിച്ച് കൊണ്ടിരിക്കുകയായിരുന്നു. എത്രത്തോളമെന്നാൽ അവിടെയുള്ള ആളുകൾ തൊലിയും ശവങ്ങളും ദുർഗന്ധം വമിക്കുന്ന മൃതദേഹങ്ങളും ഭക്ഷിക്കാൻ തുടങ്ങി. അവരിൽ ആരെങ്കിലും ആകാശത്തേക്ക് നോക്കുമ്പോൾ പട്ടിണി കാരണം അവർക്ക് പുകപടലം മാത്രമാണ് കാണാൻ കഴിഞ്ഞത്.

അല്ലാഹു പറയുന്നു: കാത്തിരിക്കുക, ആകാശം വളരെ വ്യക്തമായ പുകപടലം കൊണ്ടുവരുന്ന ദിവസം വരെ നിങ്ങൾ തീർച്ചയായും ഈ ദിവസം ആവർത്തിക്കുക തന്നെ ചെയ്യും. അന്ന് നാം വലിയൊരു പിടിത്തം പിടിക്കുന്നതാണ്. അങ്ങനെ ഈ പിടുത്തം ബദ്ർ ദിവസമാണ് ഉണ്ടായത്. പിന്നെ പുകപടലത്തിന്റെ അദാബ്, ശക്തമായ പിടിത്തം, ലിസാമൻ എന്ന പ്രവചനം, റോമാക്കാരെ സംബന്ധിച്ച പ്രവചനം എല്ലാം പൂർത്തിയായി. ഇത് ബുഖാരിയിലുള്ള നിവേദനമാണ്.

അല്ലാമാ ബദ്റുദ്ധീൻ അയ്നി എഴുതുന്നു; ഹദ്റത് അബൂബക്കറും അബുജഹലും തമ്മിൽ ഏതാനും വർഷം നിശ്ചയിച്ച് കൊണ്ട് ഇതേപ്പറ്റി പന്തയം വെച്ചു . നബി(സ) പറഞ്ഞു; ബിള്ഇൻ എന്ന പദം അവിടെയുണ്ട്. ബിള്ഇൻ അധികവും ഒമ്പത് വർഷത്തിനാണ് പറയുക.

ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബ് ഇത് സംബന്ധിച്ച് എഴുതുന്നു. ഇത് നബി(സ) മക്കയിൽ തന്നെ വസിച്ചിരുന്ന കാലത്തെ സംഭവമാണ്. ഹിജ്റത്ത് നടന്നിട്ടുണ്ടായിരുന്നില്ല. അതിന് ശേഷം നിശ്ചിത കാലാവധിക്കകം തന്നെ യുദ്ധഗതി മാറുകയും റോമക്കാർ പേർഷ്യക്കാരെ പരാജയപ്പെടുത്തുകയും കുറഞ്ഞ കാലത്തിനകം തങ്ങളുടെ നഷ്ടപ്പെട്ട പ്രദേശങ്ങൾ വീണ്ടെടുക്കുകയും ചെയ്തു.

ഹദ്റത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: ചില നിഷേധികൾ ഹദ്റത്ത് അബൂബക്കറുമായി നൂറ് ഒട്ടകങ്ങൾ വരെ പന്തയം വെച്ചു. പ്രത്യക്ഷത്തിൽ ഈ പ്രവചനം പൂർത്തിയാകുന്നതിനുള്ള സാധ്യതകൾ അകന്നു അകന്നു പോയിക്കൊണ്ടിരിക്കുകയായിരുന്നു. എന്നാൽ നിർണായക യുദ്ധത്തിൽ റോമൻ

പട്ടാളം എണ്ണത്തിലും സാമഗ്രികളിലും വളരെ കുറവായിരുന്നിട്ട് കൂടി വിശുദ്ധ ഖുർആന്റെ പ്രവചനമനുസരിച്ച് പേർഷ്യക്കാർക്ക് മേൽ വിജയം വരിച്ചു.

അല്ലാഹു അറബ് ഗോത്രങ്ങൾക്ക് തബ്‌ലീഗ് ചെയ്യാൻ കൽപ്പന നൽകിയപ്പോൾ തിരുനബി(സ) ഹജ്ജ് വേളയിൽ ഹദ്റത്ത് അബൂബക്കറിന്റേയും ഹദ്റത്ത് അലിയുടേയും കൂടെ ഔസ് ഖദ്റജ് തുടങ്ങിയ ഗോത്രങ്ങളുടെ സദസ്സുകളിൽ പോയി അവർക്ക് തബ്‌ലീഗ് ചെയ്തു. അതുപോലെ മറ്റൊരു ഹജ്ജ് വേളയിൽ നബി(സ), ബിക്ർ ബിൻ വാഇൽ ഗോത്രത്തിലേക്ക് ഹദ്റത്ത് അബൂബക്കറിനെ തബ്‌ലീഗിനു വേണ്ടി അയച്ചു. മറ്റൊരു ഗോത്രമായ ബനീ ശയ്ബാൻ ബ്ൻ സഅലബ നബി(സ)ന്റെ തബ്‌ലീഗിൽ ഏറെ പ്രഭാവിതരായെങ്കിലും അവരുടെ നേതാക്കന്മാരിൽ ഒരാളായ മുസനാ ബിൻ ഹാരിസ പറഞ്ഞു; ഞങ്ങൾ കിസ്റയുമായി ഒരു ഉടമ്പടിയിൽ ആണുള്ളത്. അതിനാൽ ഞങ്ങൾക്ക് പുതിയൊരു കാര്യവും ചെയ്യാനോ പുതിയ കാര്യങ്ങൾ ചെയ്യുന്നവർക്ക് അഭയം നൽകാനോ സാധ്യമല്ല.

നബി(സ) പറഞ്ഞു; ഏതാനും കുറഞ്ഞ സമയത്തിനുള്ളിൽ അല്ലാഹു നിങ്ങൾക്ക് കിസ്റയുടെ ഭൂമിയും ഭരണവും അവകാശമായി നൽകുകയും ചെയ്യുന്നതിന് നിങ്ങൾ അല്ലാഹുവിന്റെ പരിശുദ്ധിയെ വാഴ്ത്തുന്നതിന് നിങ്ങൾ തയ്യാറാണോ? ഇത് കേട്ടപ്പോൾ അവർ അതിന് തയ്യാറായി. അല്ലാഹുവിന്റെ ഖുദ്റത് നോക്കുക; മുസന്ന അന്ന് കിസ്റയുടെ ശക്തിയിൽ വളരെ പ്രഭാവിതനായികൊണ്ടും അയാളുടെ നീരസത്തെ ഭയപ്പെട്ട് കൊണ്ടും ഇസ്‌ലാം സ്വീകരിക്കുന്നതിൽ നിന്ന് പിന്മാറുകയായിരുന്നു. പിന്നീട് ഹദ്റത് അബൂബക്കറിൻെറ ഖിലാഫത്ത് കാലത്ത് ഇതേ കിസ്റായുമായുള്ള യുദ്ധത്തിൽ ഇസ്‌ലാമിക സൈന്യത്തിന്റെ സൈന്യാധിപൻ ഈ മുസന്ന തന്നെ ആയിരുന്നു.

ഹദ്റത്ത് അബൂബക്കർ(റ)നെ സംബന്ധിച്ച ചരിത്രം ഇനിയും തുടരുന്നതാണെന്ന് പറഞ്ഞതിനു ശേഷം ഹുസൂർ തിരുമനസ്സ് അഫ്ഗാനിസ്ഥാനിലെയും പാക്കിസ്ഥാനിലെയും അഹ്മദികൾക്ക് വേണ്ടി ദുഃആക്ക് ആഹ്വാനം ചെയ്തുകൊണ്ട് പറഞ്ഞു; ഇന്ന് അഫ്ഗാനിസ്ഥാനിലെ അഹ്മദികൾ വളരെ പ്രായസത്തിലൂടെയാണ് അവർ കടന്നുപോകുന്നത്. ചിലരെ ബന്ധനസ്ഥരാക്കുകയും ചെയ്തിട്ടുണ്ട്. സ്ത്രീകളും കുട്ടികളും തങ്ങളുടെ വീടുകളിൽ വളരെ പ്രയാസത്തിലാണ്. ബന്ധനസ്ഥരാക്കപ്പെടാതെ പുറത്ത് കഴിയുന്ന പുരുഷന്മാരും വീടുകൾക്ക് പുറത്താണ്. ബന്ധനസ്ഥരാക്കപ്പെടുമോ എന്ന ഭയത്താലാണ് കഴിയുന്നത്. അല്ലാഹു അവർക്ക് എളുപ്പം ഉണ്ടാക്കുമാറാകട്ടെ അവരെ പ്രയാസങ്ങളിൽ രക്ഷിക്കുമാറാകട്ടെ.

പാകിസ്താനിലെ അഹ്മദികൾക്ക് വേണ്ടിയും ദുആ ചെയ്യുക. അവിടെയും പൊതുവിൽ അവസ്ഥകൾ വളരെ മോശമായിക്കൊണ്ടിരിക്കുന്നു. എവിടെയെങ്കിലുമൊക്കെയായി അഹ്മദികളെ പ്രയാസത്തിലാക്കുന്ന സംഭവങ്ങൾ ഉണ്ടായികൊണ്ടിരിക്കുന്നു. പൊതുവായ നിലക്കും ദുആ ചെയ്യുക. അല്ലാഹു ഈ ലോകത്തിന് ഹദ്റത് മസീഹ് മൗഊദ്(അ) തിരിച്ചറിയാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. എല്ലാ ശർറുകളും അവസാനിക്കുമാറാകട്ടെ. ലോകം തങ്ങളുടെ സ്രഷ്ടാവിന്റെ യാഥാർഥ്യം മനസ്സിലാക്കുമാറാകട്ടെ.

അതിനു ശേഷം ഹുസൂർ, അൽഹാജ് അബ്ദുറഹ്മാൻ അയനയിൻ സാഹിബ് (മുൻ ഘാന ഉമൂർ ആമ സെക്രട്ടറി & ഓഫീസർ ജൽസ സാലാനാ), അദിയാബ് അലി മുഹമ്മദ് അൽ ജബാലി സാഹിബ് (ജോർദാൻ), ദീൻ മുഹമ്മദ് സാഹിബ് ശാഹിദ് കാനഡ (റിട്ടയേർഡ് മുറബ്ബി), മിയാൻ റഫീഖ് അഹ്മദ് സാഹിബ് (ജൽസ സാലാനാ ഓഫീസ് ജീവനക്കാരൻ), അമേരിക്കയിലെ മുൻ അമീർ ഇഹ്സാനുല്ലാഹ് സഫർ സാഹിബിന്റെ ഭാര്യ ഖാനിതാ സഫർ സാഹിബ തുടങ്ങിയ മർഹൂമീംകളെ അനുസ്മരിക്കുകയും ജനാസ ഗാഇബ് നമസ്കാരം നടക്കുമെന്ന് വിളംബരപ്പെടുത്തുകയും എല്ലാ മഗ്ഫിറത്തിനും ഉന്നത സ്ഥാനത്തിനും വേണ്ടി ദുഃആ ചെയ്യുകയുമുണ്ടായി.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Mubarak Mosque, Islamabad, UK – on 17.12.2021

Malayalam Translation: **Moulavi H.Shamsudheen** For Malayalam Desk, Qadian.

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**